**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പുവഴി നടപ്പിലാക്കുന്ന മാതൃകാ അങ്കണവാടി നിർമ്മാണവുമായി ബന്ധപ്പെട്ട് ജില്ലാതലത്തിലും, നഗരസഭാതലത്തിലുമുള്ള എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടെ പേരിൽ ആരംഭിച്ച പലിശ രഹിത സ്പെഷ്യൽ ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ടുകളുടെ കാലാവധി ദീർഘിപ്പിക്കുന്നതിന് - അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

*ധനകാര്യ (സ്ട്രീം ലൈനിംഗ്) വകുപ്പ്*

സ.ഉ. (സാധാ) നം. **3784 /2017/ധന.** തിരുവനന്തപുരം, തീയതി **03.05.2017**

പരാമർശം - 1. സ.ഉ. (സാധാ) നം. 8409/2014/ധന. തീയതി 07.11.2014
2. സ.ഉ. (സാധാ) നം. 9364/2015/ധന. തീയതി 27.10..2015
3. സ.ഉ. (സാധാ) നം. 3500/2016/ധന. തീയതി 5.4.2016
4. സ.ഉ. (സാധാ) നം. 9954/2016/ധന. തീയതി 24.12.2016
5. സാമൂഹ്യനീതി വകുപ്പ ഡയറക്ടറുടെ 24.03.2017 ലെ ഐ.സി.ഡി.എസ്/എ-8-5410(2)/15 നമ്പറായുള്ള കത്ത്

16 MAY 2017

**ഉത്തരവ്**

സംസ്ഥാനത്തെ 140 നിയമസഭാ നിയോജകമണ്ഡലങ്ങളിലും ഓരോ മാതൃകാ അങ്കണവാടി നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട് തുക വിനിയോഗിക്കുന്നതിനായി ജില്ലാതലത്തിൽ എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടെ പേരിൽ ആരംഭിച്ച പലിശരഹിത സെപ്ഷ്യൽ ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ടിന്റെ കാലാവധി 30.09.2015 വരെ ദീർഘിപ്പിക്കുന്നതിനും, നഗരസഭാ പരിധിയിലുള്ള എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടെ പേരിൽ ബന്ധപ്പെട്ട ട്രഷറികളിൽ 30.09.2015 വരെ കാലാവധിയുള്ള പലിശരഹിത സെപ്ഷ്യൽ ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ടുകൾ ആരംഭിക്കുന്നതിനും പരാമർശം 1ലെ സർക്കാർ ഉത്തരവ് പ്രകാരം അനുമതി നൽകിയിരുന്നു. പ്രവർത്തനങ്ങൾ പ്രസ്തുത കാലയളവിനുള്ളിൽ പൂർത്തീകരിക്കാൻ കഴിയാത്തതിനാൽ അക്കൗണ്ടുകളുടെ കാലാവധി 31.03.2017 വരെ പരാമർശം 2, 3, 4 ഉത്തരവുകൾ പ്രകാരം ദീർഘിപ്പിച്ചുനൽകിയിരുന്നു. എന്നാൽ അങ്കണവാടി കെട്ടിട നിർമ്മാണ പ്രവർത്തനങ്ങൾ ഒരു തുടർ പദ്ധതി ആയതിനാൽ അക്കൗണ്ടുകളുടെ കാലാവധി 30.09.2017 വരെ വീണ്ടും ദീർഘിപ്പിച്ച നൽകണമെന്ന് പരാമർശത്തിലെ കത്തുപ്രകാരം സാമൂഹ്യ നീതി വകുപ്പ ഡയറക്ടർ ആവശ്യപ്പെട്ടിരിക്കുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, മാതൃകാ അങ്കണവാടി നിർമ്മാണവുമായി ബന്ധപ്പെട്ട് തുക വിനിയോഗിക്കുന്നതിനായി ജില്ലാതലത്തിലും നഗരസഭാതലത്തിലുമുള്ള എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടെ പേരിൽ ആരംഭിച്ച അക്കൗണ്ടുകളുടെ കാലാവധി 30.09.2017 വരെ ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം
**സുരേഷ് കുമാർ ഒ.ബി.**
അണ്ടർ സെക്രട്ടറി (ധനകാര്യം)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ/ ജി ആന്റ് എസ്.എസ്. എ) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഇ ആന്റ് ആർ.എസ്. എ) കേരള, തിരുവനന്തപുരം.
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.
സാമൂഹ്യ നീതി വകുപ്പ ഡയറക്ടർ, തിരുവനന്തപുരം
സാമൂഹ്യ നീതി (ബി) വകുപ്പ് ( e-file No: SJD-B1/113/2017-SJD പ്രകാരം )
ധനകാര്യ (വെൽഫയർ വിംഗ്) വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ